# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: എസ്. ഹരികിഷോർ ഐഎഎസ്)

വിഷയം:- കുടുംബശ്രീ - നാനോമാർക്കറ്റുകൾ - 2018-19 - സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

**<u>Order No. 4242/J/2018/KSHO dated 31..05..2018</u>**

കുടുംബശ്രീയുടെ പരിമിതമായ സ്രോതസ്സുകൾ പരിഗണിക്കുമ്പോൾ വിപണന രംഗത്ത് സാവധാനം മുന്നേറുന്നതാണ് അഭികാമ്യം. ആയതിനാൽ സാധ്യമായ എല്ലാ വിഭവങ്ങളും സാഹചര്യങ്ങളും ഉപയോഗിച്ച് കുടുംബശ്രീ ഉല്പന്നങ്ങളുടെ സാന്നിധ്യം പൊതു വിപണിയിലെത്തിച്ച് ഉപഭോക്താക്കളെ ആകർഷിക്കുവാനും വിപണന വർദ്ധനവ് ഉറപ്പു വരുത്തുവാനും ആവിഷ്കരിച്ച ഒരു പദ്ധതിയാണ് നാനോ മാർക്കറ്റുകൾ. നാനോ മാർക്കറ്റ് എന്നത് സർക്കാർ വകുപ്പുകൾ, സ്വകാര്യ കമ്പനികൾ എന്നിവർ നടത്തുന്ന സൂപ്പർ മാർക്കറ്റുകളിലും പൊതുജനം ധാരാളമായി സന്ദർശിക്കുന്ന പൊതു ഓഫീസു പരിസരങ്ങളിലും ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി കുടുംബശ്രീ തയ്യാറാക്കുന്ന ഒരു "ഷെൽഫ് സ്പെയ്സാണ്". കേരളത്തിലെ ഗ്രാമീണ, നഗര പ്രദേശങ്ങളിൽ ഒരുപോലെ ആരംഭിക്കാൻ കഴിയുന്ന ചെറിയ സ്ഥിരം വിപണന കേന്ദ്രങ്ങൾ കൂടിയാണ് നാനോ മാർക്കറ്റുകൾ. കുടുംബശ്രീ ഉല്പന്നങ്ങൾ നേരിട്ട് പൊതുജനങ്ങളിലേക്കെത്തിക്കുന്നതിനുള്ള മാർഗ്ഗം കൂടിയാണ് ഇത്തരം നാനോ മാർക്കറ്റ്. ഈ സാമ്പത്തിക വർഷം കുറഞ്ഞത് എല്ലാ ജില്ലകളിലുമായി 500 നാനോ മാർക്കറ്റുകൾ ആരംഭിക്കണമെന്നതാണ് കുടുംബശ്രീ ലക്ഷ്യം വയ്ക്കുന്നത്.

കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക്, പ്രത്യേകിച്ചും പ്രാരംഭദിശയിലുള്ള സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി സാധ്യമാക്കുന്നതിനും അതിലൂടെ സംരംഭകർക്ക് സ്ഥിരമായ വരുമാനം ലഭ്യമാക്കുന്നതിനും കുടുംബശ്രീ മിഷൻ ആരംഭിച്ച വിപണന രീതിയാണ് നാനോമാർക്കറ്റുകൾ. കുടുംബശ്രീ നാനോമാർക്കറ്റുകൾ സുസ്ഥിരമാക്കുന്നതിനും വ്യവസ്ഥാപിതമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ സാമൂഹ്യ സംവിധാനത്തിന്റേയും പിന്തുണാ

സംവിധാനത്തിന്റെയും പങ്ക് നിർണായകമാണ്. കുടുംബശ്രീ നാനോമാർക്കറ്റുകൾ കൂടുതൽ കാര്യക്ഷമമായി സംഘടിപ്പിക്കുവാനും, നാനോമാർക്കറ്റുകളുടെ നടത്തിപ്പ് സി.ഡി.എസ്സുകളുടെയും പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺ -മാർക്കറ്റിംഗിന്റെയും (സി.ആർ.പി.എം) ഒരു പ്രധാന പ്രവർത്തനമാക്കി രൂപാന്തരപ്പെടുത്തുവാനും മാർക്കറ്റുകളുടെ സംഘാടനം ജില്ലാമിഷന്റെ (ജില്ലാ പ്രോഗ്രാം മാനേജർ - മാർക്കറ്റിംഗ്) മാർഗ്ഗനിർദ്ദേശത്തിൽ ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ മേൽനോട്ടത്തിൽ സി.ആർ.പി. മാർക്കറ്റിംഗ് നിർവ്വഹിക്കേണ്ടതാണ്. സമീപ പ്രദേശങ്ങളിലെ എല്ലാ സംരംഭകരുടെയും ഉൽപ്പന്നങ്ങൾ നാനോ മാർക്കറ്റുകളിലേയ്ക്ക് എത്തിക്കുക, കൂടുതൽ ഉപഭോക്താക്കളെ നാനോ മാർക്കറ്റുകളിലേയ്ക്ക് ആകർഷിക്കുവാൻ നടപടി സ്വീകരിക്കുക, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുക, ഉപഭോക്താക്കളുടെ ആവശ്യങ്ങളും അഭിപ്രായങ്ങളുമറിഞ്ഞ് മാർക്കറ്റുകളിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തുക പുതിയ നാനോ മാർക്കറ്റുകൾ തുടങ്ങുക, നാനോ മാർക്കറ്റുകളുടെ വിൽപ്പന വിവരം എം.ഐ.എസ്സിൽ രേഖപ്പെടുത്തുക തുടങ്ങി നാനോമാർക്കറ്റുകളുടെ വിൽപ്പനയും സാമൂഹ്യ അംഗീകാരവും വർദ്ധിപ്പിക്കുന്നതിനുള്ള ചുമതല ജില്ലാമിഷൻ കോർഡിനേറ്റർ/ അസി. ജില്ലാമിഷൻ കോർഡിനേറ്റർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ, സി.ആർ.പി. മാർക്കറ്റിംഗ് എന്നിവർ സംയോജിതമായി നിർവ്വഹിക്കേണ്ടതാണ്.

## സംഘാടനത്തിനുള്ള നടപടിക്രമങ്ങൾ

1. 2018-19 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 500 നാനോമാർക്കറ്റുകൾ സംസ്ഥാനത്ത് സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിനായി ഓരോ ബ്ലോക്കുകളിലുമുള്ള സംരംഭകരുടെ വിവരം, അവർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളുടെ വിവരം എന്നിവ ജില്ലാ പ്രോഗ്രാം മാനേജരുടെ നേതൃത്വത്തിൽ സി.ആർ.പി. യുടെ സഹായത്തോടെ ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ ശേഖരിക്കണം. ഇതിൽ കുടുംബശ്രീ ആർഎംഇ, യുവശ്രീ, യുഎംഇ പദ്ധതികൾ പ്രകാരമോ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്, എൻ.ആർ.എൽ.എം., എസ്.ജി.എസ്.ആർ.വൈ., എൻ.യു.എൽ.എം., എസ്ജിഎസ്വൈ പദ്ധതികൾ പ്രകാരം ആരംഭിച്ചതോ, തനത് വായ്പ, ലിങ്കേജ് വായ്പ എന്നിവ ഉപയോഗിച്ച് ആരംഭിച്ചിട്ടുള്ളതോ ആയ കുടുംബശ്രീ അംഗങ്ങളുടെ എല്ലാ വ്യക്തിഗത, ഗ്രൂപ്പ്

സംരംഭങ്ങളേയും പുതുതായി തുടങ്ങിയതും ലാഭത്തിലേക്ക് എത്തുവാൻ ബുദ്ധിമുട്ടുന്നതുമായ സംരംഭകരുടെ ഉല്പന്നങ്ങൾക്കായിരിക്കും നാനോ മാർക്കറ്റിൽ മുൻഗണന. നാനോ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ഫീൽഡ് തല ചുമതല ജില്ലാ പ്രോഗ്രാം മാനേജർ (മാർക്കറ്റിംഗ്), ബ്ലോക്ക് കോ-ഓർഡിനേറ്റർ, സി.ആർ.പി. മാർക്കറ്റിംഗ് എന്നിവർക്കാണ്. സംരംഭങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും കണക്കുകൾ പരിശോധിച്ച് ബ്ലോക്ക്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ കൂടുതൽ സംരംഭകർ ഉൾപ്പെട്ടിരിക്കുന്നതും കൂടുതൽ വിൽപ്പന നടക്കുവാൻ സാധ്യതയുള്ളതുമായ സ്ഥലങ്ങൾ ജില്ലാ മിഷൻ കണ്ടെത്തി പ്രസ്തുത സ്ഥലങ്ങളിൽ നാനോ മാർക്കറ്റുകൾ സ്ഥാപിക്കാൻ നടപടിയെടുക്കേണ്ടതാണ്. ഇപ്രകാരം നാനോ മാർക്കറ്റുകൾ സ്ഥാപിക്കാൻ സാധ്യതയുള്ള സൂപ്പർമാർക്കറ്റുകൾ, പൊതു ഓഫീസുകൾ എന്നിവ സി. ആർ.പിമാർ കണ്ടെത്തി ബ്ലോക്ക് കോർഡിനേറ്റർമാരെ അറിയിക്കേണ്ടതും ബ്ലോക്ക് കോർഡിനേറ്റർമാർ ജില്ലാ പ്രോഗ്രാം മാനേജർമാരുടെ സഹായത്തോടെ അനുമതിയ്ക്കായി ശ്രമിക്കേണ്ടതുമാണ്.

2. നാനോ മാർക്കറ്റ് സ്ഥാപിക്കുന്നതുപോലെ പ്രാധാന്യമർഹിക്കുന്നതാണ് ഉത്പന്നങ്ങൾ ആകർഷകമായി പ്രദർശിപ്പിക്കുന്നതും. ഇക്കാര്യം ജില്ലാപ്രോഗ്രാം മാനേജർമാർ പ്രത്യേകം ശ്രദ്ധിക്കണം. കേരളത്തിലെ എല്ലാ നാനോ മാർക്കറ്റുകൾക്കും വേണ്ടി ഒരു പൊതു ഡിസൈൻ സംസ്ഥാന മിഷൻ അയച്ചു തരുന്നതാണ്, ഇതു എല്ലാ നാനോ മാർക്കറ്റുകളിലും ഉണ്ടെന്നു ബ്ലോക്ക് കോർഡിനേറ്റർമാർ ഉറപ്പു വരുത്തുക.

3. നാനോ മാർക്കറ്റുകളിലേയ്ക്ക് എത്തുന്ന ഉത്പന്നങ്ങൾക്ക് മതിയായ പായ്ക്കിംഗ്, ലേബലിംഗ് എന്നിവ ഉണ്ടെന്നും അതിൽ ഉത്പാദന തീയതി, കാലയളവ് (എക്സ്പയറി ഡേറ്റ്), വില, യൂണിറ്റിന്റെ വിലാസം, എന്തെങ്കിലും ലൈസൻസുകൾ, ഗുണമേന്മ സർട്ടിഫിക്കറ്റുകൾ എന്നിവ ഉണ്ടെങ്കിൽ അവയും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സി.ആർ.പി.മാർ ഉറപ്പുവരുത്തണം. ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ ആഴ്ചതോറും ഇത് പരിശോധിച്ച് ഇല്ലാത്ത പക്ഷം വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ജില്ലാ പ്രോഗ്രാം മാനേജർമാർ എല്ലാ മാസത്തിലും നാനോ മാർക്കറ്റുകൾ സന്ദർശിച്ച് വേണ്ട ഉപദേശങ്ങൾ ബ്ലോക്ക് കോർഡിനേറ്റർക്കും സി.ആർ.പി.മാർക്കും നൽകേണ്ടതാണ്. നാനോ മാർക്കറ്റിലേയ്ക്ക് ഉൽപ്പന്നങ്ങൾ ശേഖരിക്കേണ്ടതിന്റെയും അത് മികച്ച രീതി

യിൽ പ്രദർശിപ്പിക്കുന്നതിന്റെയും ചുമതല സി.ആർ.പി.മാർക്കാണ്. ഉൽപ്പന്നങ്ങളുടെ വില വിൽപ്പനാന്തരം സംരംഭകർക്ക് സി.ആർ.പി.മാർ ശേഖരിച്ച് നൽകുകയും വേണം. ഇതിനായി കുറഞ്ഞത് ആഴ്ചയിലൊരിക്കൽ സി.ആർ.പി.മാർ ഒരേ നാനോ മാർക്കറ്റും സന്ദർശിക്കേണ്ടതാണ്. നാനോ മാർക്കറ്റിലേയ്ക്ക് ഉൽപ്പന്നങ്ങൾ തിരഞ്ഞെടുക്കുന്ന ചുമതല സിഡിഎസ്സുകൾക്കാണ്.

4. കുടുംബശ്രീ ഉത്പന്നങ്ങൾ മാത്രമേ നാനോ മാർക്കറ്റിൽ വിൽക്കാൻ പാടുള്ളു. ഉത്പന്നങ്ങൾ എല്ലാ ലൈസൻസ് മാനദണ്ഡങ്ങളും പാലിക്കുന്ന ഉത്പന്നങ്ങളായിരിക്കണം. ഉത്പന്നങ്ങൾ വിറ്റു പോകാതെ കെട്ടികിടക്കുകയാണെങ്കിൽ, കാലാവധി തീയതിയുടെ ഒരു മാസം മുൻപ് ടി ഉൽപ്പന്നം തിരികെ എം.ഇ യൂണിറ്റിന് തിരികെ നൽകേണ്ടതാണ്. വിറ്റ് പോകാത്ത ഉൽപ്പന്നങ്ങൾക്ക് വില നൽകേണ്ടതില്ല. കാലാവധി തീയതി കഴിഞ്ഞ ഉത്പന്നങ്ങൾ ഒരു കാരണവശാലും നാനോ മാർക്കറ്റിൽ ഇല്ലായെന്ന് ബ്ലോക്ക് കോർഡിനേറ്റർമാർ ഉറപ്പു വരുത്തേണ്ടതാണ്. നാനോ മാർക്കറ്റിൽ വിൽക്കുന്ന ഉൽപ്പന്നങ്ങളുടെ വിൽപ്പനയുടെ 7.5% കമ്മിഷൻ സി ആർ.പി. മാർക്ക് അവകാശപ്പെട്ടതായിരിക്കും. എല്ലാ മാസത്തിലുമോ രണ്ടാഴ്ച്ചയിൽ ഒരിക്കലോ വിപണനത്തിനുശേഷമുള്ള തുക കമ്മിഷൻ കിഴിച്ചു അതാതു എം ഇ യൂണിറ്റുകൾക്ക് സി.ആർ.പി.മാർ നൽകേണ്ടതാണ്. ഓരോ സി.ആർ.പി.യും ഓരോ നാനോ മാർക്കറ്റിനും വേണ്ടി സ്റ്റോക്ക്, വിൽപ്പന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. സംരംഭകരിൽ നിന്നും ഉൽപ്പന്നങ്ങൾ എടുക്കുമ്പോഴും കമ്മിഷൻ കിഴിച്ചു ഉൽപ്പന്നങ്ങളുടെ വില തിരികെ നൽകുമ്പോഴും രസീതുകൾ നൽകേണ്ടതാണ്. സംരംഭകരുടെ ഉല്പന്നങ്ങളുടെ ആഴ്ചതോറുമുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നതിനും വിൽപ്പനയ്ക്കുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും സിആർപി മുൻകൈയ്യെടുക്കേണ്ടതും പരാതികൾക്കിടയില്ലാത്തവണ്ണം നാനോ മാർക്കറ്റ് നടത്തേണ്ടതുമാണ്. മാർക്കറ്റുകൾ സുഗമമായി നടക്കുന്നതിനുള്ള ഫീൽഡ് തല ഉത്തരവാദിത്വം ബ്ലോക്ക് കോ-ഓർഡിനേറ്റർക്കായിരിക്കും (എം.ഇ./മാർക്കറ്റിംഗ് ചുമതലയുള്ള). ബില്ലിംഗ്, കണക്കുകളുടെ ക്രമീകരണം, വിറ്റുവരവിന്റെ റെക്കോർഡ്സ് സൂക്ഷിക്കൽ, വിറ്റുവരവിന്റെ വിവരങ്ങൾ ബ്ലോക്ക് കോ-ഓർഡിനേറ്റർക്ക് നൽകുക എന്നിവ സി.ആർ.പി.യുടെ ഉത്തരവാദിത്വമാണ്. മാർക്കറ്റുകളിൽ പങ്കെടുക്കുന്ന യൂണിറ്റുകളുടെ വിവരങ്ങൾ, വിൽപ്പന തുടങ്ങിയവ ബ്ലോക്ക്-കോ-ഓർഡിനേറ്റർ മാസംതോറും ജില്ലാമിഷന് റിപ്പോർട്ട് നൽകേണ്ടതാണ്. സംസ്ഥാന മിഷനിൽ നിന്നും ലഭ്യമാകുന്ന

എം.ഐ.എസിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ട ചുമതല മാർക്കറ്റിംഗിന്റെ ജില്ലാ പ്രോഗ്രാം മാനേജർക്കായിരിക്കും. ജില്ലയിലെ നാനോമാർക്കറ്റുകളുടെ നടത്തിപ്പിന്റെ പൊതു ചുമതലയും എ.ഡി.എം.സി/ഡി.എം.സി. എന്നിവരുടെ നേതൃത്വത്തിൽ മാർക്കറ്റിംഗ് ജില്ലാ പ്രോഗ്രാം മാനേജർക്കായിരിക്കും. എല്ലാ ജില്ലാ പിആർഎം-കളിലും മാർക്കറ്റുകളുടെ നടത്തിപ്പ് ഡിപിഎം അവതരിപ്പിച്ച് വേണ്ട നടപടികൾ സ്വീകരിക്കുകയും വേണം. ഒരോ നാനോ മാർക്കറ്റിലും കുറഞ്ഞത് 5000/- രൂപയുടെ വിറ്റു വരവ് ഓരോ മാസവും ഉറപ്പാക്കുവാൻ സി. ആർ.പി.മാരും ബ്ലോക്ക് കോർഡിനേറ്ററും ശ്രദ്ധിക്കണം.

5. 2018-19 ൽ ഓരോ ബ്ലോക്കിലും നഗരഭരണ പ്രദേശത്തും മൂന്ന് നാനോ മാർക്കറ്റുകൾ തുടങ്ങുവാനാണ് ലക്ഷ്യമിടുന്നത്. (ആദ്യത്തെ 500 നാനോ മാർക്കറ്റുകൾക്ക് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ആവശ്യമുള്ള പക്ഷം കൂടുതൽ മാർക്കറ്റുകൾക്ക് തുക അനുവദിക്കുന്നതാണ്). ഈ മൂന്ന് മാർക്കറ്റുകൾ തുടങ്ങുന്നതിന്റെയും ഇത് തുടർച്ചയായി നടത്തുന്നതിന്റെയും ഫീൽഡ് തല ചുമതല സി. ആർ.പി.എം നാണ്. ഒരു മാസത്തിൽ കുറഞ്ഞത് നാല് തവണ ഓരോ സി.ആർ. പി.യും നാനോ മാർക്കറ്റുകൾ സന്ദർശിക്കേണ്ടതാണ്. നാനോ മാർക്കറ്റുകൾ സന്ദർശിച്ചതിന്റെയും നാനോ മാർക്കറ്റുകളുടെ സംരംഭം തിരിച്ചുള്ള വിപണനത്തിന്റെ റിപ്പോർട്ടും സി.ആർ.പി. മാർ സി.ഡി.എസ്. ചെയർപേഴ്സന്റെ കൈയൊപ്പോടുകൂടി ബ്ലോക്ക് കോർഡിനേറ്റർമാർ മുഖേന ജില്ലാമിഷന് ഓരോ മാസവും 5-ാം തീയതിക്ക് മുമ്പ് നൽകേണ്ടതാണ്. നാനോ മാർക്കറ്റുകൾ സന്ദർശിക്കുന്നതിന്റെ യാത്രാചിലവും റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഹോണറേറിയവും ചേർത്ത് ഒരു മാസം പരമാവധി 1000/- രൂപ ഹോണറേറിയമായി മാർക്കറ്റിംഗ് ബി.ഡി.13 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ജില്ലാമിഷൻ നൽകേണ്ടതാണ്. ടി തുക ഗ്രാമീണ മേഖലയിലേയ്ക്ക് എൻ.ആർ.എൽ. എം. നഗരപ്രദേശത്തിലേയ്ക്ക് സംസ്ഥാന പദ്ധതി വിഹിതത്തിലും ബുക്ക് ചെയ്യാം. കുറഞ്ഞത് രണ്ട് നാനോ മാർക്കറ്റെങ്കിലും സി.ആർ.പി.മാർക്ക് മാത്രമേ ടി ഓണറേറിയത്തിന് അർഹതയുയുണ്ടാകും.

## നാനോ മാർക്കറ്റുകൾക്കുള്ള സാമ്പത്തിക സഹായം

2018-19 സാമ്പത്തിക വർഷത്തിൽ നാനോ മാർക്കറ്റ് സ്ഥാപിക്കാൻ നാനോ മാർക്കറ്റ് ഒന്നിന് 5000 രൂപ വകയിരുത്തി ഉത്തരവാകുന്നു. ഈ തുക 2018-19

ലെ മാർക്കറ്റിംഗ് ആനുവൽ ആക്ഷൻ പ്ലാനിൽ/ഫണ്ടിൽ നിന്നും ചിലവഴിക്കാവുന്നതാണ്. ബിസിനസ് ഡെവലപ്പ്മെന്റ് (BD06) എന്ന ശീർഷകത്തിൽ നിന്ന് മാത്രം ടി തുക ചെലവഴിക്കേണ്ടതാണ്. ഗ്രാമ/നഗര വ്യത്യാസമില്ലാതെ ടി തുക എൻ.ആർ.എൽ.എം. ആനുവൽ ആക്ഷൻ പ്ലാനിൽ/ഫണ്ടിൽ നിന്നും ചിലവഴിക്കാവുന്നതാണ്.

ഓരോ ജില്ലയിലും ഈ വർഷം ആരംഭിക്കേണ്ട നാനോ മാർക്കറ്റുകളുടെ എണ്ണവും സാമ്പത്തിക സാഹയവും താഴെ കൊടുക്കുന്നു. ഭൗതിക/സാമ്പത്തിക ലക്ഷ്യം സമയബന്ധിതമായി പൂർത്തിയാക്കാൻ ഡി.എം.സി മാർ മുൻകൈ എടുക്കേണ്ടതാണ്

| ക്രമ നം. | ജില്ല | FINANCIAL ALLOTMENT | PHYSICAL TARGET 2018-19 | Q1 Target | Q2 Target | Q3 Target |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 195000 | 39 | 13 | 13 | 13 |
| 2 | കൊല്ലം | 150000 | 30 | 10 | 10 | 10 |
| 3 | പത്തനംതിട്ട | 130000 | 26 | 9 | 9 | 8 |
| 4 | ഇടുക്കി | 180000 | 36 | 12 | 12 | 12 |
| 5 | കോട്ടയം | 152500 | 31 | 10 | 11 | 10 |
| 6 | ആലപ്പുഴ | 137500 | 28 | 9 | 10 | 9 |
| 7 | എറണാകുളം | 435000 | 87 | 29 | 29 | 29 |
| 8 | തൃശ്ശൂർ | 167500 | 34 | 11 | 12 | 11 |
| 9 | പാലക്കാട് | 227500 | 46 | 15 | 16 | 15 |
| 10 | മലപ്പുറം | 230000 | 46 | 15 | 16 | 15 |
| 11 | വയനാട് | 122500 | 25 | 8 | 9 | 8 |
| 12 | കോഴിക്കോട് | 127500 | 26 | 9 | 9 | 8 |
| 13 | കണ്ണൂർ | 162500 | 33 | 11 | 11 | 11 |
| 14 | കാസർഗോഡ് | 82500 | 17 | 6 | 6 | 5 |
| | **TOTAL** | **2,500,000** | **504** | 167 | 173 | 164 |

അനുബന്ധം

1. മന്ത്‌ലി റിപ്പോർട്ടിംഗ് ഫോർമാറ്റ് (ജില്ലാ പ്രോഗ്രാം മാനേജർ വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടത്)
2. നാനോ മാർക്കറ്റുകളുടെ ജില്ലാതല ഫോർമാറ്റ് (ഓരോ മാസവും ഡിപി.എം. അപ്ഡേറ്റ് ചെയ്യേണ്ടത്)
3. സി.ആർ.പിമാർ/ബ്ലോക്ക് കോർഡിനേറ്റർമാർ സൂക്ഷിക്കേണ്ട മന്ത്‌ലി ഫോർമാറ്റ്
4. സി.ആർ.പി.മാർ ഉൽപ്പന്നങ്ങൾ സംരംഭകരിൽ നിന്നും എടുക്കുമ്പോഴും ഉൽപ്പന്നങ്ങളുടെ വില സംരംഭകർക്ക് നൽകുമ്പോഴും നൽകേണ്ട രസീതിന്റെ ഫോർമാറ്റ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
3. എല്ലാ സിഡിഎസ്സുകൾക്കും (ജില്ലാ മിഷൻ മുഖേന)
4. എല്ലാ എഡിഎസ്/അയൽക്കൂട്ടങ്ങൾക്കും (സിഡിഎസ് മുഖേന)
5. എല്ലാ എം ഇ സിമാർക്കും (ജില്ലാ മിഷൻ മുഖേന)

പകർപ്പ്

1. അക്കൗണ്ട്സ് സെക്ഷൻ
2. കരുതൽ/അധികം

**ഉത്തരവിൻപ്രകാരം,**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**Annexure I**

**Starting of Nano markets 2018-19**

| Sl No | District | Total Number Nano Markets as on 31/03/2018 | Target (2018-19) | No.of Nano Markets formed upto April | Total Sales upto April | No.of Nano Markets formed upto May | Total Sales upto May |
|---|---|---|---|---|---|---|---|
| 1 | Thiruvananthapuram | | 39 | | | | |
| 2 | Kollam | | 30 | | | | |
| 3 | Pathanamthitta | | 26 | | | | |
| 4 | Alappuzha | | 28 | | | | |
| 5 | Kottayam | | 31 | | | | |
| 6 | Idukki | | 36 | | | | |
| 7 | Ernakulam | | 87 | | | | |
| 8 | Thrissur | | 34 | | | | |
| 9 | Palakkad | | 46 | | | | |
| 10 | Malappuram | | 46 | | | | |
| 11 | Kozhikode | | 26 | | | | |
| 12 | Wayanad | | 25 | | | | |
| 13 | Kannur | | 33 | | | | |
| 14 | Kasaragod | | 17 | | | | |
| | Total | | 504 | | | | |

**Annexure II**

List of Nano markets started in blocks/ municipality/ corporation

| Sl No | District | Name of Block | Name of Corporation/ Municipality | Name of Grama Panchayath | Location of nano market (whether in CDS office/ supermarket) |
|---|---|---|---|---|---|
| | | | | | |
| | | | | | |

(To be updated monthly in chronological order)

**Annexure III**

**Additional Monthly Reporting Format by BC/CMF :**

Name of district:

Name of Block/Municipality/Corporation:

Location of nano market:

| | |
|---|---|
| Name of ME unit:<br>Month: | Category:<br>Year: |

| Name of Product | Weight/Quantity /Size etc | Stock as on 01/…./2018 (no. of units) | Stock added in current month | Total units | Units sold | Rate | Amount |
|---|---|---|---|---|---|---|---|
| Product 1 | | | | | | | |
| Product 2 | | | | | | | |
| | | | | | | | |

(This table is to be prepared for each ME unit separately every month)

Signature of CRP - M:

Signature of verified BC:

**Annexure IV**

Name of ME unit:

Date of procurement:

| Sl No | Product details | Quantity | Rate | MRP |
|---|---|---|---|---|
| | | | | |
| | | | | |

Signature of CRP - M:

Signature of ME unit: